പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --2867 12.10.2011- ലെ മറുപടിക്ക്

## പ്രവാസികളുടെ പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) അറുപത് വയസ്സ് പിന്നിട്ട പ്രവാസികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ ; പ്രവാസിക്ഷേമ ബോർഡിൽ അംഗത്വമുള്ളവരിൽ 60 വയസ്സ് പിന്നിട്ടവരെത്രയാണ് ; മുഴുവൻ പ്രവാസികളും ഇപ്പോൾ അംഗങ്ങളായിട്ടുണ്ടോ ; | (എ) കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് പൂർത്തിയാകുന്ന പ്രവാസികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. 60 വയസ്സ് പിന്നിട്ട അംഗങ്ങൾ ഇപ്പോൾ ഇല്ല. മുഴുവൻ പ്രവാസികളും പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വം എടുത്തിട്ടില്ല. |
| (ബി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തന്നാണ്ടിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഇതിനകം എത്രപേർക്ക് പെൻഷൻ നൽകുക ഉണ്ടായി ? | (ബി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തന്നാണ്ടിലെ ബജറ്റിൽ ടോക്കൺ തുകയായി 1,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ക്ഷേമനിധിയിലേയ്ക്കുള്ള അംശാദായം സ്വീകരിച്ച് തുടങ്ങിയിട്ട് അഞ്ച് വർഷം തികഞ്ഞിട്ടില്ലാത്തതിനാലും 60 വയസ്സ് ആകുന്ന |

തുടർച്ച .............

മുറയ്ക്ക് മാത്രമേ പെൻഷൻ നൽകുകയുള്ളൂ എന്നതിനാലും ഇതിനകം ആർക്കും പെൻഷൻ നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ